I/87006/2023

DWCD/1453/2023-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച്.

സൂചന:
1 വനിത ശിശു വികസന ഡയറക്ടറുടെ 06.03.2019 ലെ ICDS/A3-6160/2019 നമ്പർ സർക്കുലർ
2 സർക്കാരിന്റെ 30.03.2019 ലെ സാ.നി.വ-ബി1/149/2019/സാ.നി.വ നം സർക്കുലർ
3 വനിത ശിശു വികസന ഡയറക്ടറുടെ 19.03.2022 ലെ DWCD/824/2022-ICDSB6 നം സർക്കുലർ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ താഴെ പറയുന്ന മുൻകരുതലുകൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1. അങ്കണവാടികളിലെ കുട്ടികളെ രാവിലെ 10 മണി മുതൽ വൈകുന്നേരം 3.30 വരെയുള്ള സമയത്ത് അങ്കണവാടിയുടെ പുറത്തുള്ള പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാൻ പാട്ടുള്ളതല്ല. എന്തെങ്കിലും പ്രവർത്തനങ്ങൾക്ക് കുട്ടികളെ പുറത്തിറക്കേണ്ട സാഹചര്യം ഉണ്ടായാൽ ഈ ആവശ്യത്തിലെയ്ക്ക് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറിൽ നിന്നും ശിശു വികസന പദ്ധതി ഓഫീസർമാർ മുൻകൂട്ടി അനുമതി വങ്ങേണ്ടതും പ്രതികൂല കാലാവസ്ഥ കുട്ടികളെ ബാധിക്കുന്നില്ല എന്നും അവർക്ക് മതിയായ സംരക്ഷണം ഉണ്ടെന്നു ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

2. അങ്കണവാടിക്കുള്ളിൽ മതിയായ വായു സഞ്ചാരം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. തിളപ്പിച്ചാറ്റിയ ശുദ്ധ ജലം മാത്രമേ കുട്ടികൾക്ക് കുടിക്കാനായി നൽകാൻ പാട്ടുള്ളു അവർ ആവശ്യത്തിന് വെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. നിർജ്ജലീകരണം തടയുന്നതിനായി കുട്ടികൾക്ക് ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങവെള്ളം, മോര് വെള്ളം എന്നിവ നൽകേണ്ടതാണ്.

4. കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിന് പഴ വർഗ്ഗങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി അക്ഷയപാത്ര സംവിധാനം ഉപയോഗിക്കാവുന്നതാണ്.

5. ഫാൻ സൗകര്യം ഇല്ലാത്ത അങ്കണവാടികളിൽ അവ ലഭ്യമാക്കുന്നതിന് ശിശു വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി മെയിന്റനൻസ് ഇനത്തിൽ വകുപ്പിൽ നിന്നും അനുവദിക്കുന്ന ഫണ്ടിൽനിന്നോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയോ അല്ലെങ്കിൽ സ്പോൺസർഷിപ് മുഖേനയോ ഇതിനായുള്ള തുക കണ്ടെത്താവുതാണ്.

I/87006/2023

6. അങ്കണവാടികുട്ടികൾ കഴിവതും കോട്ടൺ വസ്ത്രങ്ങൾ ധരിപ്പിച്ച് അങ്കണവാടികളിൽ എത്തിക്കുന്നതിന് രക്ഷിതാക്കളോട് അങ്കണവാടി പ്രവർത്തകർ നിർദ്ദേശിക്കേണ്ടതാണ്. കൂടാതെ കുട്ടികൾ പുറത്തിറങ്ങുമ്പോൾ പാദരക്ഷ, കുട, തൊപ്പി, മുതലായവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് ഇത്തരത്തിൽ ബോധവത്കരണം നൽകേണ്ടതുമാണ്.

7. ഉഷ്ണതരംഗവുമായ ബന്ധപ്പെട്ട അസുഖങ്ങളുടെ ലക്ഷണങ്ങൾ മനസിലാക്കുന്നതിനു അങ്കണവാടി പ്രവർത്തകർക്ക് ആരോഗ്യവകുപ്പ് മുഖേനെ പരിശീലനം നൽകുന്നതിനു ശിശു വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. കുട്ടികളിൽ ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യ കേന്ദ്രവുമായി അങ്കണവാടി പ്രവർത്തകർ ബന്ധപ്പെടേണ്ടതാണ്.

8. ആരോഗ്യ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കർശ്ശനമായും പാലിക്കേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ

**Signed by Priyanka G**
**Date: 18-03-2023 14:08:52**